**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 07 വെള്ളി**

---

# ഓറഞ്ച് അലർട്ട്: ഇന്നും നാളെയും വില്ലേജ് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കും

- **താലൂക്കുകളിൽ 24 മണിക്കൂർ കൺട്രോൾ റൂം**
- **ദുരിതാശ്വാസ കേന്ദ്രങ്ങൾ കണ്ടെത്താൻ നിർദ്ദേശം**
- **സ്കൂളുകളെ ഒഴിവാക്കണം**
- **പൊലീസ് കൺട്രോൾ റൂം**
- **പഞ്ചായത്ത്- വില്ലേജ് ഓഫീസുകൾ ഒന്നിച്ചു നീങ്ങും**
- **സ്ഥാപനങ്ങളുടെ ക്ഷമത പരിശോധിക്കും**

ആലപ്പുഴ: ജില്ലയിൽ ഇന്നും നാളെയും (8,9) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ കനത്ത മഴയെ തുടർന്നുണ്ടാകാവുന്ന അടിയന്തര സാഹചര്യം നേരിടാൻ എല്ലാ ജീവനക്കാരും സന്നദ്ധരായിരിക്കണമെന്ന് എ.ഡി.എം ഐ.അബ്ദുൾ സലാം. ഓറഞ്ച് അലർട്ടിന്റെ പശ്ചാത്തലത്തിൽ ഇന്നും നാളെയും വില്ലേജ് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. ആവശ്യമായ താലൂക്കുകളിൽ ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിക്കാനാവുന്ന കെട്ടിടങ്ങൾ കണ്ടെത്താനും സ്കൂളുകളെ പരമാവധി ഈ പട്ടികയിൽ നിന്ന് ഒഴിവാക്കാനും നിർദ്ദേശമുണ്ട്. ഇതേക്കുറിച്ചാലോചിക്കാൻ വിളിച്ചു ചേർന്ന യോഗത്തിലാണ് എ.ഡി.എമ്മിന്റെ നിർദ്ദേശം.

താലൂക്ക് ആസ്ഥാനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ജില്ലാ ആസ്ഥാനത്തെ ദുരന്തനിവാരണ വിഭാഗത്തിലെ കൺട്രോൾ റൂമിനു പുറമെ പൊലീസ് ആസ്ഥാനത്തും കൺട്രോൾ റൂം തുറക്കും. കൺട്രോൾ റൂമിൽ 24 മണിക്കൂറും ജീവനക്കാരുണ്ടെന്ന് ഉറപ്പാക്കണം.

ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ടി വന്നാൽ അവിടങ്ങളിൽ പുറമെ നിന്നുള്ള ഭക്ഷണപൊതിയുൾപ്പെടയുള്ളവ സ്വീകരിക്കില്ല. ഭക്ഷണത്തിനാവശ്യമായവ സിവിൽ സപ്ലൈസ് വഴി സംഭരിക്കാൻ നടപടിയുണ്ടാകും. ജില്ല സപ്ലൈ ഓഫീസ് ഇത്തരം കേന്ദ്രങ്ങളിൽ ആവശ്യത്തിന് പാചകവാതകം ഉറപ്പാക്കണമെന്നും എ.ഡി.എം. നിർദ്ദേശിച്ചു.

ആവശ്യമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കാൻ ജില്ല മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ സംവിധാനമൊരുക്കും. വിവിധ ആരോഗ്യ വിഭാഗങ്ങളെ ഏകോപിപ്പിച്ചായിരിക്കും പ്രവർത്തനം. കുട്ടനാട് പോലുള്ള ഭാഗങ്ങളിലേക്ക് ആരോഗ്യ പ്രവർത്തകർക്ക് പോകനാവശ്യമായ ബോട്ടുൾപ്പെടയുള്ള ഗതാഗത സൗകര്യവുമൊരുക്കും.

മഴ ശക്തമായാൽ അതത് ദിവസം വൈകീട്ട് മൂന്നിനകം നാശനഷ്ടം സംബന്ധിച്ച കണക്ക് കളക്ടറേറ്റിൽ ലഭ്യമാക്കണം. വീടുകളുടെ നഷ്ടം റവന്യൂ വകുപ്പ് കണക്കാക്കുമെങ്കിലും യഥാർഥനഷ്ടം കണക്കാക്കാൻ പഞ്ചായത്തുകളെയാണ് സർക്കാർ ചുമതലപ്പെടുത്തയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇരു വകുപ്പുകളും ഏകോപിച്ച് പ്രവർത്തിക്കണമെന്നും എ.ഡി.എം നിർദ്ദേശിച്ചു. കൃഷി, കന്നുകാലി തുടങ്ങിയവയ്ക്കുണ്ടാകുന്ന നഷ്ടവും ബന്ധപ്പെട്ട വകുപ്പുകൾ അതത് ദിവസം റിപ്പോർട്ട് ചെയ്യണം.

ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറക്കുമ്പോൾ അവിടേക്കാവശ്യമായ കുടിവെള്ളം ജല അതോറിട്ടി എത്തിക്കാനും ഇതിന്റെ വിതരണം പഞ്ചായത്തിനെ ഏൽപിക്കാനും തീരുമാനമായി. പൊലീസ്, അഗ്നിരക്ഷ വകുപ്പുകൾ ആവശ്യമായ സംവിധാനങ്ങളോടെ സർവസജ്ജരായ നിലയുറപ്പിക്കും. അപകട ഭീഷണിയുയർത്തുന്ന വൃക്ഷങ്ങളുടെ ചില്ലകൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ സഹായത്തോടെ വെട്ടിമാറ്റണം.

ജില്ലയിലെ സ്കൂളുകൾ ഉൾപ്പെടയുള്ള പൊതു സ്ഥാപനങ്ങളുടെ ക്ഷമത അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എ.ഡി.എം., പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷമതയില്ലാത്ത കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. മഴക്കാലത്ത് ജില്ലയിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡി.ടി.പി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓറഞ്ച് അലർട്ട് ഉൾപ്പെടയുള്ള മുന്നറിയിപ്പ് ഉള്ളപ്പോൾ ഒരുകാരണവശാലും മത്സ്യതൊഴിലാളികൾ കടലിൽ പോകുന്നില്ലെന്നുറപ്പാക്കാൻ മത്സ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കടലിൽ ആവശ്യമായ രക്ഷാദൗത്യത്തിനുള്ള സജ്ജീകരണവും ഏർപ്പെടുത്തണം. വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ നേരിടാൻ രണ്ടു സർക്കിളുകളിലായി അടിയന്തരി കർമ്മസേനയെ സജ്ജമാക്കുന്നതായി കെ.എസ്.ഇ.ബി അധികൃതർ അറിയിച്ചു.

# തോട്ടപ്പള്ളി സ്പിൽവേ;പൊഴിമുറിക്കൽ അവസാന ഘട്ടത്തിൽ

ആലപ്പുഴ: മഴക്കാലം സമാഗതമായതോടെ തോട്ടപ്പള്ളി സ്പിൽവേയിലെ പൊഴിമുറിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലെത്തി. ഇത്തവണ സർക്കാർ

നേരത്തെതന്നെ പൊഴിയിലെ മണൽ നീക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിരുന്നു. 18.99 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചാണ് സർക്കാർ ഇത്തവണ പൊഴിയിലെ മണൽ നീക്കാനുള്ള കരാർ നൽകിയത്. മെയ് 31ന് ഇതിന്റെ ജോലികൾ കരാറുകാരൻ ആരംഭിച്ചു. രണ്ട് ഹിറ്റാച്ചിയിൽ മുഴുവൻ സമയവും തോട്ടപ്പള്ളിയിലെ പൊഴിയിൽ മണൽ നീക്കിക്കൊണ്ടിരിക്കുകയാണ്. വരുന്ന ഞായറാഴ്ചയോടെ, ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ പൊഴിമുറിച്ചുമാറ്റാവുന്ന വിധം മണൽ നീക്കൽ പൂർത്തിയാകും. നിലവിൽ തോട്ടപ്പള്ളി പാലത്തിന് കിഴക്കുവശം ജലനിരപ്പ് ഏറെ താഴെയാണ്. 25 മീറ്റർ വീതിയിൽ 150 മീറ്റർ നീളത്തിലാണ് പൊഴിയിലെ മണൽ നീക്കി ആഴം കൂട്ടുന്നത്. ശരാശരി 3 മീറ്റർ ആഴം വരത്തക്കവിധമാണ് മണ്ണ് കോരി നീക്കുന്നത്. ജനലനിരപ്പ് ഉയർന്നാൽ അപ്പോൾതന്നെ പൊഴിമുഖത്തെ അവസാനഭാഗത്തെ മണൽ മൂന്നാം ഘട്ടമായി നീക്കി കടലിലേക്ക് വെള്ളം ഒഴുക്കാനാകുമെന്ന് ഇറിഗേഷൻ അസിസ്റ്റന്റ് എൻജിനീയർ എം.ജി.ബിജു പറഞ്ഞു.

പൊഴിമുഖത്തെ മണൽ നീക്കാൻ നൽകിയ കരാറിന് മൂന്നു മാസത്തെ കരാർ കലാവധികൂടി നൽകിയിട്ടുണ്ട്. ഈ കാലയളവിൽ പൊഴിമുഖം അടഞ്ഞാൽ സർക്കാരിന് അധിക ബാധ്യതയില്ലാതെ കരാറുകാർ തന്നെ മണൽ നീക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട് 9000 ക്യൂബിക് മീറ്റർ മണ്ണ് ഇവിടെ നിന്ന് ഇരുവശങ്ങളിലേക്കും നീക്കേണ്ടതുണ്ട്. 7000 ക്യൂബിക് മീറ്ററിന് മുകളിൽ മണ്ണ് ഇപ്പോൾ തന്നെ വശങ്ങളിലേക്ക് കൂട്ടി ആഴം കൂട്ടിയിട്ടുണ്ട്. മൺസൂൺ കനക്കുകയും കായലിലെ ജലനിരപ്പ് ഉയരുകയും ചെയ്താൽ തോട്ടപ്പള്ളിയിലെ പൊഴിമുഖം മുറിച്ച് ജലനിരപ്പ് നിയന്ത്രിക്കാൻ സാധിക്കുമെന്നതാണ് തോട്ടപ്പള്ളിയിലെ പ്രവർത്തികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

**(ചിത്രമുണ്ട്)**

# കനാലിൽ നിന്നുള്ള ചെളിയും മണ്ണും വേണ്ടവർക്ക് തിങ്കളാഴ്ച നാലുവരെ അപേക്ഷ നൽകാം

ആലപ്പുഴ: ടൗൺ കനാൽ നവീകരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കനാലിൽ നിന്നും കുഴിച്ചെടുക്കുന്ന ചെളിയും മണലും നിബന്ധനകൾ പ്രകാരം പാടശേഖര സമിതികൾക്കും വ്യക്തികൾക്കും കൃഷിയാവിശ്യങ്ങൾക്കായി നൽകാൻ തീരുമാനിച്ചു. തിങ്കളാഴ്ച വൈകിട്ട് നാലു മണി വരെ ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം. ഇവിടെ ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ചൊവ്വാഴ്ച മുതൽ പാടശേഖര സമിതിക്കും കൃഷി ആവശ്യങ്ങൾക്കുമായി മണലും ചെളിയും നൽകും. നിബന്ധനകൾ കൂടാതെ സത്യവാങ്മൂലവും കാര്യാലയത്തിൽ നൽകണം. നേരത്തെ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചവർക്കും ഇത് ബാധകമാണ്. മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടനാടൻ പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തി പ്രളയ പ്രതിരോധം തീർക്കുന്നതിന് ബന്ധപ്പെട്ട പാടശേഖര സമിതികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സൗജന്യമായി മണൽ നൽകും. കോമളപുരം സ്പിന്നിംഗ് മില്ലിൽ കിടക്കുന്ന അധിക ചെളി അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കൃഷിക്കാർക്ക് കൃഷി ആവിശ്യങ്ങൾക്കായി സൗജന്യമായി നൽകും. ഇങ്ങനെ ചെളി അനുവദിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ആഫീസറിൽ നിന്നും ശുപാർശ സഹിതം

ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കണം. . ചെളി അനുവദിക്കുന്നതിനു മുമ്പ് പാടശേഖര സമിതികൾ ടി ചെളി മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ലായെന്ന് സത്യവാങ്ങ്മൂലം നൽകണം. ചെളി നൽകുന്നതിന് ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തി. സൗജന്യമായി നൽകുന്ന ചെളി കാർഷികാവശ്യങ്ങൾക്ക് മാത്രം ഉപയോഗപ്പെടുത്തേണ്ടതും മറ്റ് ഏതെങ്കിലും പ്രവൃത്തികൾക്കായി ഇത് ഉപയോഗപ്പെടുത്തുന്നില്ല എന്ന് ബന്ധപ്പെട്ട കൃഷി ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. . ചെളിയുമായി പോകുന്ന വാഹനങ്ങളിൽ കർഷകർ/പാടശേഖര സമിതികൾ ലഭിച്ചിട്ടുള്ള അനുമതി പത്രത്തിന്റെയും മറ്റ് രേഖകളുടെയും പകർപ്പുകൾ സൂക്ഷിക്കേണ്ടതും തങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള പ്രദേശത്തെയ്ക്ക് മാത്രം വാഹനം കൊണ്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണവും കൃഷി രീതിയും അതിനാവശ്യമായ ചെളിയുടെ അളവും കൃഷി ആഫിസറെകൊണ്ട് ശുപാർശ ചെയ്യിക്കേണ്ടതാണ്.

# പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കളക്ട്രേറ്റ് ശുചീകരിച്ചു

ആലപ്പുഴ: പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാ യുവജനകേന്ദ്രവും ജില്ലാ ശുചിത്വമിഷനും സംയുക്തമായി കളക്ട്രേറ്റ് ശുചീകരണം നടത്തി. വെള്ളിയാഴ്ച രാവിലെ ആരംഭിച്ച ശുചീകരണ പ്രവർത്തികൾ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഐ.അബ്ദുൾ സലാം ഉദ്ഘാടനം ചെയ്തു. യൂത്ത് കോ-ഓർഡിനേറ്റർമാരും യൂത്ത് വോളണ്ടിയർമാരും ശുചീകരണത്തിൽ പങ്കാളികളായി. ശുചിത്വമിഷൻ കോ-ഓഡിനേറ്റർ ബിൻസ് തോമസ്, യൂത്ത് വെൽഫെയർ ഓഫീസർ ബീന തുടങ്ങിയവർ നേതൃത്വം നൽകി.

**(ചിത്രമുണ്ട്)**

# താൽക്കാലിക ഒഴിവ്

ആലപ്പുഴ: കാവാലം ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ പാർട് ടൈം മലയാളം അധ്യാപകന്റെ താത്കാലിക ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 10ന് 11 മണിക്ക് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ ഹാജരാകണം. ( യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം, ബി.എഡ്).

# കാർ/ജീപ്പ് വാടകയ്ക്ക് : ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: സാമൂഹികനീതി വകുപ്പിന്റെ ഐ.സി.ഡി.എസ്. മുതുകുളം അഡീഷണൽ പ്രോജക്ട് ഓഫീസിന്റെ ആവശ്യത്തിലേക്ക് കാർ/ജീപ്പ് വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് ജൂൺ 21ന് പകൽ 12നകം നൽകണം.അന്നേദിവസം വൈകിട്ട് മൂന്നിന് തുറക്കും. കൂടുതൽ വിവരങ്ങൾക്ക് കായംകുളം മിനിസിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. മുതുകുളം അഡീഷണൽ പ്രോജക്ട് ഓഫീസിൽ ബന്ധപ്പെടാം. ഫോൺ: 0479-2442059.

# ഭിന്നശേഷിക്കാർക്ക് സൗജന്യമായി സഹായ ഉപകരണ വിതരണം

ആലപ്പുഴ: നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) ന്റെ ആഭിമുഖ്യത്തിൽ മോഡൽ കൈവല്യ സെന്റർ കായംകുളം, നാഷണൽ കരിയർ ഡവലപ്മെന്റ് സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്, ആർട്ടിഫിഷ്യൽ ലിംബ് മാനുഫാക്ചറിങ്ങ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായി ജില്ലയിലെ ഭിന്നശേഷിക്കാർക്ക് സൗജന്യമായി സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. കൃത്രിമകാലുകൾ, വീൽ ചെയർ, മുച്ചക്ര സൈക്കിൾ, ശ്രവണസഹായി, വാക്കർ, കലിപ്പെർ, ബ്ലൈൻഡ് സ്റ്റിക്ക്, എം.ആർ.കിറ്റ്(18 വയസിന് താഴെ), ക്രെച്ചസ് എന്നീ ഉപകരണങ്ങൾ സൗജന്യമായി നൽകും. ആവശ്യമുള്ളവർ ബന്ധപ്പെട്ട താലൂക്കിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുകയോ കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന മോഡൽ കൈവല്യ സെന്ററുമായി ബന്ധപ്പെടണം. ഫോൺ: 0479-2442502, 8848762578.

# അഭിമുഖം 13ന്

ആലപ്പുഴ: ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് പ്ലസ് ടൂവോ അതിൽ കൂടുതൽ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് വിവിധ തസ്തികകളിൽ ജോലിക്ക് അഭിമുഖം നടക്കുന്നു. ജൂൺ 13ന് രാവിലെ 10നാണ് അഭിമുഖം. പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. ഫോൺ: 0477 -2230624 , 72230626, 9656421872.

# പരീക്ഷ പരിശീലന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ബി.സി വിഭാഗം വിദ്യാർഥികൾക്കായി നടപ്പാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം മത്സര പരീക്ഷ പരിശീലന ധനസഹായ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെടുന്നതിന് സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തിനകത്ത് 5 വർഷത്തിലധികമായി പ്രവർത്തിക്കുന്ന രജിസ്ട്രേഷനുള്ള മെഡിക്കൽ/എൻജിനീയറിങ് എൻട്രൻസ്, ബാങ്കിങ്, സിവിൽ സർവ്വീസ്, ഗേറ്റ്/ മാറ്റ്/നെറ്റ്/യു.ജി.സി എന്നീ മത്സര പരീക്ഷ പരിശീലന കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെയാണ് എംപാനൽ ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾ www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷഫാറവും അനുബന്ധരേഖകളും ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, കവടിയാർപി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0471-2727379, 0484-2429130(ഏറണാകുളം മേഖല ഓഫീസ്), 0495-2377786(കോഴിക്കോട് മേഖല ഓഫീസ്). അവസാന തീയതി ജൂൺ 15.

# സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം

ആലപ്പുഴ: ജില്ലയിലെ വിദ്യാർഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും കൺസഷൻ കാർഡുകൾ നൽകുന്നതിനെ സംബന്ധിച്ച് തീരുമാനിക്കുന്നതിനുമായി ജില്ലാ സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ജൂൺ 14ന് ഉച്ചകഴിഞ്ഞ് 3.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൂടുമെന്ന് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

# ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: 2019 വർഷത്തെ കാലവർഷത്തോടനുബന്ധിച്ച് കുട്ടനാട് താലൂക്കിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടി വരുന്ന എസ്കവേറ്റർ (ജെ.സി.ബി/ഹിറ്റാച്ചി തുടങ്ങിയ ബ്രാൻഡുകൾ) വാടക നിശ്ചയിക്കുന്നതിനായി മുദ്രവച്ച ദർഘാസ് ക്ഷണിച്ചു. ദർഘാസ് ജൂൺ 12 പകൽ 12നകം നൽകണം. അന്നേദിവസം 3.30ന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0477 2702221.